# പതിനൊന്നാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 1

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2002 മാർച്ച് 6, ബുധൻ

നമ്പർ 47

രാവിലെ 9ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സംസ്ഥാനത്തെ ഡോക്ടർമാരും നഴ്സുമാരും മറ്റ് പരാമെഡിക്കൽ ജീവനക്കാരും പണിമുടക്കിയതിനെ തുടർന്ന്, അത്യാഹിത വിഭാഗം ഉൾപ്പെടെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം പൂർണ്ണമായി സ്തംഭിച്ചിക്കുന്നതു മൂലം രോഗികളും മറ്റ് ജനങ്ങളും നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതി വിശേഷം സഭാ നടപടികൾ നിർത്തിവച്ച് അടിയന്തിരമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. തോമസ് ഐസക് മറ്റു അഞ്ച് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയനോട്ടീസിന് സ്പീക്കർ അനുമതി നിഷേധിക്കുകയുണ്ടായി.

(സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും നടത്തുന്ന സമരത്തെ തുടർന്നുളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെപ്പറ്റി ഒരു പ്രസ്താവന നടത്തുന്നതിന് പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദന് സ്പീക്കർ പ്രത്യേക അനുമതി നൽകിയതിനെ തുടർന്ന് പ്രതിപക്ഷനേതാവ് ഒരു പ്രസ്താവന നടത്തുകയും പ്രതിപക്ഷ കക്ഷിയിൽപെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. തുടർന്നുള്ള സഭാനടപടികളിൽ അവർ പങ്കെടുക്കുകയുണ്ടായില്ല.

<u>ശ്രദ്ധക്ഷണിക്കൽ:-</u>

ഇരുമ്പു പണി, മരപ്പണി, വാർക്കപ്പണി, ശില്പ ജോലി, സ്വർണ്ണപ്പണി. എന്നി ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വിശ്വകർമ്മ സമുദായങ്ങളെ പരംപരാഗത തൊഴിലാളികളായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. യു. രാധാകൃഷ്ണൻ തൊഴിൽ വകുപ്പ് മന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെകുറിച്ചുള്ള ചർച്ച:-</u>

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച പുനരാരംഭിച്ചു. താഴെ പ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. കെ. നാരായണക്കുറുപ്പ്
4. ശ്രീ. ജോണി നെല്ലൂർ
5. ശ്രീ. എം. എ. വാഹീദ്
6. ശ്രീമതി മാലേത്ത് സരളാദേവി
7. ശ്രീ. ഇ.എം. അഗസ്തി
8. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
9. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

നന്ദി പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി മറുപടി പറഞ്ഞു. നന്ദി പ്രമേയം ഏകകണ്ഠമായി സഭ പാസ്സാക്കി.

2002 മാർച്ച് 7–ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക്ശേഷം 1.30ന് സഭ പിരിഞ്ഞു.

കെ.ആർ ഉദയഭാനു
സെക്രട്ടറി